# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4040 27.6.2012-ൽ മറുപടിയ്ക്ക്

## കല്ലറ - പനവൂർ - പുല്ലമ്പാറ കുടിവെള്ള പദ്ധതി

| ചോദ്യം<br>**ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ** | മറുപടി<br>**ശ്രീ. പി.ജെ ജോസഫ്**<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) കല്ലറ - പനവൂർ - പുല്ലമ്പാറ കുടിവെള്ള പദ്ധതിയുടെ പണികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ ; | (എ) കല്ലറ — പാങ്ങോട് — പനവൂർ - പുല്ലമ്പാറ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയാണിത്. കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടുകൂടിയുള്ള ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾ പ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ പൊതു ഘടകങ്ങളായ അരുവിപ്പുറത്തെ വെൽ-കം-പമ്പ് ഹൗസ്, റാ വാട്ടർ പമ്പ് സെറ്റ് , റാ വാട്ടർ പമ്പിംഗ് മെയിൻ, തെങ്ങിൻകോട് 10 എം.എൽ.ഡി ജലശുദ്ധീകരണശാല ക്ലിയർ വാട്ടർ സംപ്, പമ്പ് ഹൗസ്, ട്രാൻസ് ഫോർമർ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ട്രയൽ റൺ നടത്തേണ്ടതായിട്ടുണ്ട്. KSEB അരുവിപ്പുറം പമ്പ് ഹൗസിലേക്കുള്ള 11 കെ.വി പവർ ലയിൻ എക്സ്റ്റൻഷൻ പണി പൂർത്തിയാക്കി. കേരള സ്റ്റേറ്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും ഇലക്ട്രിക് വർക്കുകൾക്കുള്ള ക്ലിയറൻസ് ലഭിച്ചുകഴിഞ്ഞാൽ പവർ കണക്ഷൻ ലഭ്യമാക്കുന്നതിനായി |

നിർമ്മാണം, കട്ടവാക്കുഴി സംപ്-കം-പമ്പ് ഹൗസ് നിർമ്മാണം, അരളുംമൂട്, വെട്ടുപാറ, ദേവിനഗർ GLSR കളുടെ നിർമ്മാണം തുടങ്ങിയവ പൂർത്തിയാക്കി യിട്ടുണ്ട്. സോൺ-Iനു വേണ്ട ജലവിതരണ ശൃംഖല, പൈപ്പ് ലൈൻ സ്ഥാപിക്കൽ, സോൺ IV വേണ്ടിയുള്ള ജലവിതരണ ശൃംഖല, പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയവ പുരോഗമിക്കുന്നു. 90% പണികളും പൂർത്തിയാക്കി യിട്ടുണ്ട്. വെള്ളംകുടി പമ്പ് ഹൗസിലും, കട്ടവാക്കുഴി പമ്പ് ഹൗസിലും പമ്പ് സെറ്റുകൾ ട്രാൻസ് ഫോർമർ സ്ഥാപിക്കുന്ന പണികളുടെ റീ-ടെണ്ടർ വിളിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത കാരണം സോൺ II നും സോൺ III നും വേണ്ട ജലവിതരണ ശൃംഖലയുടെയും കുറ്റിമൂട് ടാങ്കിന്റെയും എസ്റ്റിമേറ്റ് എസ്.എൽ.എസ്.എസ്.സി-2010ൽ പനവൂർ-പുല്ലറ- വെമ്പായം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള

കുടിവെള്ള പദ്ധതി — ബാക്കി പണികൾ എന്ന പ്രോജക്റ്റിൽ ഉൾ പ്പെടുത്തി 300 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇവയുടെ വിശദമായ എസ്റ്റിമേറ്റ് സൂക്ഷ്മപരിശോധനയിലാണ്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ? | (ബി) | കല്ലറ-പനവൂർ പുല്ലംപാറ കുടിവെള്ള പദ്ധതിയിൽ ഇനി പൂർത്തിയാക്കാനുള്ള പണികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ